ഫയൽ നം : ജി3/41/2020–റ്റിസി

തിയതി : 09/10/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം – 695 014
ഇ–മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎0471–2333317

## സർക്കുലർ 16/2020

വിഷയം :– മോട്ടോർ വാഹന വകുപ്പ് – ചെക്ക്പോസ്റ്റിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് – സംബന്ധിച്ച്

പരാമർശം :– 20.05.2020 തീയ്യതിയിലെ സി3/16/2020–ട്രാൻസ് നമ്പർ സർക്കാർ കത്ത്

ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ ദൂരസ്ഥലങ്ങളിൽനിന്നും വരുന്നതിനാൽ രണ്ടും മൂന്നും ദിവസം തുടർച്ചയായി ഡ്യൂട്ടി ചെയ്ത് റെസ്റ്റിന് പോകുന്നതായി ബോദ്ധ്യപ്പെട്ടുകയും, ആയത് ജോലിയുടെ കാര്യക്ഷമതയെ ബാധിക്കുകയും ചെയ്യുന്നതിനാൽ നിലവിൽ ചെക്ക് പോസ്റ്റ് ഡ്യൂട്ടിക്കായി ഉദ്യോഗസ്ഥരെ നിയമിക്കുന്ന പാറ്റേൺ മാറ്റി താഴെ പറയുന്ന പാറ്റേൺ പ്രകാരം നിയമിക്കുവാൻ നിർദ്ദേശം നൽകുന്നു.

| Date | 8.00 AM to 8.00 PM | 8.00 PM to 8.00 AM | Off |
|---|---|---|---|
| 01.07.2020 | A | B | C |
| 02.07.2020 | A | B | C |
| 03.07.2020 | C | A | B |
| 04.07.2020 | C | A | B |
| 05.07.2020 | B | C | A |
| 06.07.2020 | B | C | A |
| 07.07.2020 | A | B | C |
| 08.07.2020 | A | B | C |
| 09.07.2020 | C | A | B |
| 10.07.2020 | C | A | B |

നിലവിൽ സോണൽ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ മൂന്നു മാസത്തെ കാലയളവിൽ ചെക്ക്പോസ്റ്റിൽ നിയമിക്കുന്നതിനാൽ അന്യ ജില്ലകളിലുള്ള ഉദ്യോഗസ്ഥരെ ചെക്ക് പോസ്റ്റുകളിൽ നിയമിക്കേണ്ടി വരുന്നു. നിലവിലുള്ള പാറ്റേൺ

പ്രകാരം ഓരോ ഉദ്യോഗസ്ഥർക്കും ഡ്യൂട്ടി കഴിഞ്ഞ് 24 മണിക്കൂർ ആണ് ഓഫ് ലഭിക്കുന്നത്. പുതുക്കിയ പാറ്റേൺ പ്രകാരം ഡ്യൂട്ടി ഓരോ ഉദ്യോഗസ്ഥർക്കും 48 മണിക്കൂർ ഓഫ് ലഭിക്കുന്നതാണ്.

ഡ്യൂട്ടിക്ക് ഹാജരാകേണ്ട ഉദ്യോഗസ്ഥർ ഏതെങ്കിലും അസൌകര്യത്താൽ ഡ്യൂട്ടിക്ക് ഹാജരാകുവാൻ കഴിഞ്ഞില്ലെങ്കിൽ ആയത് ഡ്യൂട്ടി എം.വി.ഐ-യെ അറിയിക്കുകയും എം.വി.ഐ അതാത് ആർ.ടി.ഒ-മാരുമായി ബന്ധപ്പെട്ട് ബദൽ സംവിധാനം ഏർപ്പെടുത്തി ഒരാളുടെ അധിക ഡ്യൂട്ടി സമയം ഒഴിവാക്കേണ്ടതാണ്. ഒരു കാരണവശാലും ഡ്യൂട്ടി ചെയ്ത ഉദ്യോഗസ്ഥരെ വീണ്ടും തുടരാൻ അനുവദിക്കരുത്.

ഫീൽഡ് ഡ്യൂട്ടി മാത്രമുള്ള ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്)-മാർ എല്ലാ ആഴ്ചയിലും രാത്രി സമയങ്ങളിൽ ചെക്ക്പോസ്റ്റ് വഴി വരുന്ന വാഹനങ്ങളിൽ സർപ്രൈസ് ചെക്ക് നടത്തേണ്ടതാണ്. ആയത് നടക്കുന്നുണ്ടെന്ന് സേഫ് കേരള നോഡൽ ഓഫീസർ ഉറപ്പു വരുത്തേണ്ടതുമാണ്. ആഴ്ചയിൽ 2 തവണയെങ്കിലും രാത്രി 11 മണിക്കും രാവിലെ 6 മണിക്കും മദ്ധ്യേ സർപ്രൈസ് ചെക്ക് നടത്തേണ്ടതാകുന്നു.

പുതിക്കിയ പാറ്റേൺ പ്രകാരം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ചെക്ക്പോസ്റ്റുകളിൽ ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി ക്രമീകരിച്ചുനൽകേണ്ടതും, നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

Signature valid

Digitally signed by M R AJITHKUMAR
Date: 2020.07.14 15:13:53 IST
Reason: Approved

TRANSPORT COMMISSIONER

സ്വീകർത്താവ്

1 എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
2 എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
3 എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
4 എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
5 നോഡൽ ഓഫീസർ – സേഫ് കേരള